LIBRARY ARCHIVES Kerala Legislative Assembly

അഴിമതി കേസുകളുടെ വിവരങ്ങൾ സംബന്ധിച്ച്

118 (118) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസിലെ ജീവനക്കാരുടെ എത്ര അഴിമതി കേസുകളാണ് കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ കണ്ടെത്തിയ കേസുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഏതെല്ലാം വകുപ്പുകളിലാണ് ഇത്തരത്തിലുള്ള കേസുകൾ കൂടുതലായി റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ-സി) കഴിഞ്ഞ 5 വർഷ കാലയളവിനുള്ളിൽ സിവിൽ സർവ്വീസ് ജീവനക്കാർ ഉൾപ്പെട്ട 665 അഴിമതി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസുകളിൽ 361 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി. 304 കേസുകളിൽ നിലവിൽ അന്വേഷണം നടന്നുവരുന്നു. കേസുകളുടെ വകുപ്പ് തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

മൊബൈൽ കോടതികൾ

119 (119) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൊബൈൽ കോടതികൾ നിർത്തലാക്കി അവ സാധാരണ കോടതികളായി പ്രവർത്തിപ്പിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അത് നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൊബൈൽ കോടതികൾ നിർത്തലാക്കണമെന്ന സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ കേരള ഹൈക്കോടതിയുടെ അഭിപ്രായം ആരാഞ്ഞിരുന്നു. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ 6 മൊബൈൽ കോടതികളെ (ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ) സാധാരണ മജിസ്ട്രേറ്റ് കോടതികളായി പരിവർത്തനം ചെയ്യണമെന്നും അതിനാവശ്യമായ അധിക തസ്തികകളും ഭൗതിക സൗകര്യങ്ങളും അനുവദിക്കണമെന്ന ഹൈക്കോടതി രജിസ്ട്രാറുടെ ശിപാർശ താൽക്കാലികമായി മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇപ്രകാരം കോടതികൾ പ്രവർത്തിപ്പിക്കുന്നതിന് എത്ര തസ്തികകൾ പുതിയതായി സൃഷ്ടിക്കേണ്ടിവരുമെന്ന് അറിയിക്കുമോ?

16 തസ്തികകൾ പരിവർത്തനം ചെയ്യുകയും 21 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്യേണ്ടതടക്കം ആകെ 37 തസ്തികകൾ വേണ്ടിവരുമെന്ന് കണ്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

കൊമേഴ്സ്യൽ കോടതികൾ

120 (120) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കൊമേഴ്സ്യൽ കോടതികൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാമാണ്; ജില്ല തിരിച്ച് വിശദവിവരം നൽകുമോ; കൊമേഴ്സ്യൽ കോടതിയിൽ ഏതെല്ലാം തരത്തിലുള്ള കേസുകളാണ് പരിഗണിക്കുന്നത്?

നിർദ്ദിഷ്ട മൂല്യമുള്ള സാമ്പത്തിക തർക്കങ്ങളും വിഷയങ്ങളുമാണ് കൊമേഴ്സ്യൽ കോടതിയിൽ പരിഗണിക്കുന്നത്. 14 ജില്ലകളിലും ഓരോ സബോർഡിനേറ്റ് ജഡ്ജസ് കോടതികളെ കൊമേഴ്സ്യൽ കോടതികളായും പ്രിൻസിപ്പൽ ജില്ലാ കോടതികളെ കൊമേഴ്സ്യൽ അപ്പലേറ്റ് കോടതികളായും വിജ്ഞാപനം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

(ബി) ബാങ്കുകൾ വ്യക്തികൾക്ക് നൽകുന്ന മൂന്ന് ലക്ഷത്തിന് മുകളിലുള്ള വിദ്യാഭ്യാസ ലോണുകൾ, കാർഷിക ലോണുകൾ, ഹൗസിംഗ് ലോണുകൾ മുതലായ മണി സ്യൂട്ടുകൾ കൊമേഴ്സ്യൽ കോടതികളുടെ അധികാര പരിധിയിൽ വരുന്നതാണോ; പല ജില്ലകളിലും ഒരു സബ് കോടതി മാത്രമേ കൊമേഴ്സ്യൽ കോടതികളായി പ്രവർത്തിക്കുന്നുള്ളുവെന്നതുകൊണ്ട് ടി കോടതികളിൽ കേസുകളുടെ ബാഹുല്യം നിമിത്തം കേസുകൾ തീർപ്പാക്കാൻ കാലതാമസം വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കൊമേഴ്സ്യൽ കോർട്ട് ആക്ട് 2015-ലെ ചാപ്റ്റർ I ക്ലോസ് 2(സി)ൽ കൊമേഴ്സ്യൽ തർക്കങ്ങൾക്കുകീഴിൽ വരുന്ന കേസുകളാണ് കൊമേഴ്സ്യൽ കോടതികളുടെ അധികാര പരിധിയിൽ വരുന്നത്. കൊമേഴ്സ്യൽ കോടതികളിൽ കേസുകളുടെ ബാഹുല്യം നിമിത്തം കേസുകൾ തീർപ്പാക്കാൻ കാലതാമസം വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കൊമേഴ്സ്യൽ കോടതികളിലേയ്ക്ക് പോകുന്ന കേസുകളുടെ സല മുൻസിഫ് കോടതിയുടെ മറ്റു കേസുകളുടെ സലയായ 10 ലക്ഷമായി ഉയർത്താൻ സർക്കാർ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly